# പുതിയ വെബ്സൈറ്റുകൾ ആരംഭിച്ചു

**ഇസ്‌ലാമിക്** ഫിനാൻസ്, ബാങ്കിംഗ് രംഗത്ത് ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസ്(ഐ.സി.ഐ.എഫ്) വെബ്സൈറ്റ് ആരംഭിച്ചു. www.icif.in. ഇസ്‌ലാമിക ധനശാസ്ത്രകാരനും പണ്ഡിതനും ജ.ഇ ദേശീയ കൂടിയാലോചനാ സമിതിയംഗവുമായ എഫ്. ആർ ഫരീദി ആണ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തത്. ഐ.സി.ഐ.എഫ് ജന. സെക്ര. എച്ച്. അബ്ദുർറഖീബ്, ഡോ. വഖാർ അൻവർ സംബന്ധിച്ചു. ജമാഅത്തെ ഇസ്‌ലാമി ദേശീയ ദഅ്‌വാ വിഭാഗം ഒരു ഇസ്‌ലാമിക വീഡിയോ വെബ്സൈറ്റ് ആരംഭിച്ചു. www.islamic-videos.com. ദൽഹിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ ജ.ഇ ദേശീയ അസി. അമീർ മുഹമ്മദ് ജഅ്ഫർ സൈറ്റിന്റെ ലോഞ്ചിംഗ് നിർവഹിച്ചു. ഇസ്‌ലാമിനെക്കുറിച്ച് വിവിധ ഭാഷകളിലുള്ള വീഡിയോകൾ സൈറ്റിൽ ലഭ്യമാണ്. ജ.ഇ ദേശീയ സെക്രട്ടറി ഇഖ്ബാൽ മുല്ല, മില്ലി ഗസറ്റ് പത്രാധിപർ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ സംബന്ധിച്ചു.

## ചെന്നൈയിൽ ഇസ്‌ലാമിക് ഫിനാൻസ് കോഴ്സ്

**ചാർട്ടേഡ്** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അക്കൗണ്ടന്റ്സും(CIMA) ചെന്നൈ പ്രിസ്റ്റൺ ഇന്റർനാഷ്നൽ കോളേജും ചേർന്ന് ഇസ്‌ലാമിക് ഫിനാൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കാൻ ധാരണയായി. ഇന്ത്യയിൽ പ്രഫഷണൽ അംഗീകാരമുള്ള ഇസ്‌ലാമിക് ഫിനാൻസിലെ ആദ്യത്തെ കോഴ്സായിരിക്കും ഇത്. CIMA കോഴ്സ് അംഗീകരിച്ചതിൽ പ്രിസ്റ്റൺ കോളേജ് ഡയറക്ടർ പ്രഫ. എം.എച്ച് ജവാഹിറുല്ല സന്തോഷം പ്രകടിപ്പിച്ചു.

## ജാമിഅ മില്ലിയ്യയിൽ വിദേശ ഭാഷാ കോഴ്സുകൾ

**വിവിധ** വിദേശ ഭാഷാ കോഴ്സുകൾ ആവിഷ്കരിച്ചുകൊണ്ട് ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ വിദ്യാർഥികളെ ആകർഷിക്കുന്നു. നിലവിലുള്ള ഫ്രഞ്ച്, അറബി, സ്പാനിഷ് കോഴ്സുകൾക്ക് പുറമെ പഷ്തു, ടർക്കിഷ്, ഉസ്ബെക്, കസാകി, കിർഗ് ഭാഷാ കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നത്. ഇവയിൽ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾ ലഭ്യമാണ്. ഫാക്കൽറ്റി ഓഫ് ഹ്യുമാനിറ്റീസ് & ലാംഗ്വേജസിന്റെ കീഴിൽ സെന്റർ ഫോർ യൂറോപ്യൻ ആന്റ് ലാറ്റിനമേരിക്കൻ സ്റ്റഡീസും MMAJ അക്കാദമി ഓഫ് തേർഡ് വേൾഡ് സ്റ്റഡീസുമാണ് കോഴ്സുകൾ തയാറാക്കിയിരിക്കുന്നത്.

## ഇസ്രയേൽ ആക്രമണം മനുഷ്യത്വരഹിതം

**ഫലസ്തീനികൾക്ക്** ദുരിതാശ്വാസവുമായി പോയ കപ്പലിനെ ആക്രമിച്ച ഇസ്രയേൽ നടപടി കിരാതവും മനുഷ്യത്വരഹിതവുമാണെന്ന് എസ്.ഐ.ഒ ദേശീയ പ്രസിഡന്റ് കെ.കെ സുഹൈൽ അഭിപ്രായപ്പെട്ടു. സമാധാനസ്നേഹികളായ മുഴുവനാളുകളും രാഷ്ട്രങ്ങളും ഇസ്രയേലിനെ ഒറ്റപ്പെടുത്തണം. നെഹ്റുവിന്റെയും ഗാന്ധിയുടെയും പാരമ്പര്യത്തിൽനിന്ന് പിറകോട്ട് പോവുന്ന ഇന്ത്യ ഫലസ്തീനികളെ കൈവിടുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മുസ്‌ലിം നേതാക്കൾ പ്രധാനമന്ത്രിയെ കണ്ടു

**പ്രമുഖ** മുസ്‌ലിം സംഘടനാ നേതാക്കളുടെ ദൗത്യസംഘം പ്രധാനമന്ത്രി മൻമോഹൻ സിംഗിനെയും സോണിയ ഗാന്ധിയെയും സന്ദർശിച്ച് ചർച്ച നടത്തി. മുസ്‌ലിം സംവരണം, വർഗീയ കലാപ നിയന്ത്രണ ബില്ലിൽ ഭേദഗതികൾ എന്നീ ആവശ്യങ്ങളാണ് സംഘം പ്രധാനമായി ഉന്നയിച്ചത്. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് പ്രസിഡന്റ് മൗലാനാ ഖാരി മുഹമ്മദ് ഉസ്മാൻ, ജമാഅത്തെ ഇസ്‌ലാമി അമീർ മൗലാനാ ജലാലുദ്ദീൻ ഉമരി, ജമാഅത്ത് നേതാക്കളായ മുഹമ്മദ് ജഅ്ഫർ, ഡോ. എസ്.ക്യു.ആർ ഇല്യാസ്, മില്ലി ഗസറ്റ് പത്രാധിപർ ഡോ. സഫറുൽ ഇസ്‌ലാംഖാൻ, ദൽഹി ന്യൂനപക്ഷ കമീഷൻ മുൻ ചെയർമാൻ കമാൽ ഫാറൂഖി, ജംഇയ്യത്ത് നേതാക്കളായ മഹ്മൂദ് മദനി, ഹയാത്തുല്ല ഖാസിമി, പീർ ഷബ്ബീർ, ഖാരി

ഷൗക്കത്ത് അലി, മതീഉൽ ഹഖ് ഉസാമ, മുഫ്തി മുഹമ്മദ് സൽമാൻ, അഡ്വ. ഷക്കീൽ അഹ്മദ് എന്നിവരോടൊപ്പം സാമൂഹിക പ്രവർത്തകരായ സ്വാമി അഗ്നിവേശ്, മഹേഷ് ഭട്ട് എന്നിവരും സംഘത്തിലുണ്ടായിരുന്നു. പ്രശ്ന പരിഹാരത്തിന് പരമാവധി ശ്രമങ്ങൾ നടത്തുമെന്ന് സംഘത്തിന് ഉറപ്പുകൊടുത്ത പ്രധാനമന്ത്രി ജയിൽ നിറക്കൽ സമരം നിർത്തിവെക്കണമെന്ന് അഭ്യർഥിച്ചു. പ്രശ്നം പാർട്ടിയിൽ ചർച്ചചെയ്യുമെന്ന് സോണിയാ ഗാന്ധിയും ഉറപ്പുനൽകി.

## മുസ്‌ലിം പ്രദേശങ്ങളിൽ ഫോൺ ചോർത്തുന്നത് തടയണം

**ദൽഹി,** ലക്നൗ, മുംബൈ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിലെ മുസ്‌ലിം ഭൂരിപക്ഷ കേന്ദ്രങ്ങളിൽ ഫോൺ ചോർത്തുന്ന പോലീസ് നടപടി ഉടൻ അവസാനിപ്പിക്കണമെന്ന് ജ.ഇ ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ് ആവശ്യപ്പെട്ടു. ഇത് അധാർമികവും ഭരണഘടനാ വിരുദ്ധവും അപലപനീയവുമാണ്. വിദേശ നിർമിത യന്ത്രങ്ങൾ ചലിക്കുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചാണ് ഫോൺ സംഭാഷണങ്ങൾ ചോർത്തുന്നത്. ഒരു സമുദായത്തെ ഒന്നടങ്കം അവിശ്വസിക്കലാണിത്. സർക്കാർ ഇക്കാര്യത്തിൽ നയം വ്യക്തമാക്കണമെന്നും സംയുക്ത പാർലമെന്ററി സമിതിയെക്കൊണ്ട്സംഭവം അന്വേഷിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ബീഹാറിൽ ഖുർആൻ വാരാചരണം

**ജമാഅത്തെ** ഇസ്‌ലാമി ബീഹാർ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻ വാരാചരണം നടന്നു. ഖുർആനെ സമൂഹത്തിന് പരിചയപ്പെടുത്തുക, ഖുർആൻ ആശയങ്ങൾ മനസ്സിലാക്കാൻ മുസ്‌ലിം സമൂഹത്തെ ബോധവൽക്കരിക്കുക തുടങ്ങിയവയാണ് വാരാചരണം കൊണ്ട് ലക്ഷ്യം വെച്ചത്. ജ.ഇ ജാർഖണ്ഡ് ഹൽഖാ അമീറും ദേശീയ ശൂറാഅംഗവുമായ ഡോ. ഹസൻ റസ കാമ്പയിൻ ഉദ്ഘാടനം ചെയ്തു.

## മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫെഡറേഷൻ

**ഫെഡറേഷൻ** ഓഫ് മുസ്‌ലിം എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ ഇന്ത്യ (FMEII)യുടെ തമിഴ്നാട് ചാപ്റ്റർ പ്രവർത്തനം ആരംഭിച്ചു. ജ.ഇ തമിഴ്നാട് ഹൽഖാ അമീർ എ. ഷബ്ബീർ അഹ്മദ് ഉദ്ഘാടനം ചെയ്തു. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഭരണഘടനാ അവകാശങ്ങൾ പരിരക്ഷിക്കുക, സ്ഥാപനങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുക, സ്ഥാപനങ്ങൾ തമ്മിൽ സഹകരണം സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഫെഡറേഷനുള്ളത്.

## ബീഹാറിൽ ദഅ്‌വാ ശിൽപശാല

**ജമാഅത്തെ** ഇസ്‌ലാമി ബീഹാർ ഘടകം ദഅ്‌വാ ശിൽപശാല സംഘടിപ്പിച്ചു. ജമാഅത്ത് ദേശീയ സെക്രട്ടറി ഇഖ്ബാൽ മുല്ല, സംസ്ഥാന അമീർ ഖമറുൽ ഹുദാ, സംസ്ഥാന ദഅ്‌വാ സെക്രട്ടറി അഹ്മദ് അലി അക്തർ സംബന്ധിച്ചു.